# കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ വികസനം അടിയന്തിരമായി നടപ്പാക്കണം : മന്ത്രി ജി. സുധാകരൻ

തിരുവനന്തപുരം കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ വികസനത്തിന് അടിയന്തിരമായി കേന്ദ്ര റെയിൽവേ മന്ത്രി ഇടപെടണമെന്ന് ആവശ്യപ്പെട്ട് മന്ത്രി ജി.സുധാകരൻ കത്ത് നൽകി. കൊച്ചുവേളി റെയിൽവേ ടെർമിനലിന്റെ വികസന പ്രവർത്തനങ്ങൾ വിവിധ കാരണങ്ങളാൽ തടസ്സപ്പെടുന്നുണ്ടെന്നും അനുവദിച്ച തുക വകമാറ്റി ചെലവഴിക്കുന്നുവെന്നും പരാതികൾ ഉയർന്നു വരുന്നുണ്ട്. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായെന്ന വാദമുയർത്തി കേരളത്തിലേയ്ക്ക് പുതിയ ട്രെയിനുകൾ അനുവദിക്കുന്നത് തടസ്സെപ്പെടുത്തുന്നു എന്ന ആക്ഷേപങ്ങളും ഉയർന്ന് വന്നതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര റെയിൽവേ മന്ത്രിയ്ക്ക് കത്തയച്ചത്. കൊച്ചുവേളി റെയിൽവേ ടെർമിനലിൽ രണ്ട് പുതിയ പ്ലാറ്റ്ഫോമുകളും ആധുനിക സിഗ്നൽ സംവിധാനവും നടപ്പിലാക്കി യാത്രക്കാർക്ക് പരമാവധി സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അടിയന്തിരമായി റെയിൽവേ മന്ത്രി ഇടപെടണമെന്ന് മന്ത്രി ജി.സുധാകരൻ ആവശ്യപ്പെട്ടു.